പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1575** 05/12/2014-ൽ മറുപടി നൽകേണ്ടത്

**" സംയോജിത ജില്ലാ വികസന രൂപരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ"**

| ചോദ്യം<br>ശ്രീ.റ്റി.അഹമ്മദ് കബീർ | | മറുപടി<br>ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ). | കൊല്ലം ജില്ലയിൽ തയ്യാറാക്കിയിട്ടുള്ള സംയോജിത ജില്ലാ വികസന രൂപരേഖ, മാതൃക ജില്ലാ പ്ലാനായി പഞ്ചായത്തീരാജ് റിപ്പോർട്ടിൽ ശ്രീ. മണിശങ്കർ അയ്യർ ശുപാർശ ചെയ്തിട്ടുണ്ടോ ; | (എ) | കൊല്ലം ജില്ലയിൽ തയ്യാറാക്കിയിട്ടുള്ള സംയോജിത ജില്ലാ വികസന രൂപരേഖ ജില്ലാ പ്ലാനായി പരിഗണിക്കാവുന്ന 3 പദ്ധതികളിൽ ഒന്നായി ശ്രീ. മണിശങ്കർ അയ്യർ ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | കേരളത്തിലെ ഏതെല്ലാം ജില്ലകളിൽ പ്രസ്തുത മാതൃക നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട് ; | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സംയോജിത ജില്ലാ വികസന രൂപരേഖ ഘട്ടംഘട്ടമായി നടപ്പിലാക്കാൻ സർക്കാർ 01/02/2007 ലെ സ.ഉ (സാ) നമ്പർ. 354/07/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | നിലവിൽ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത മാതൃക നടപ്പാക്കിക്കൊണ്ടിരിക്കുന്നത് ; ആയതിന്റെ പുരോഗതി സംബന്ധിച്ച് വിശദമാക്കുമോ ? | (സി) | ഒരു പൈലറ്റ് പദ്ധതിയായി കൊല്ലം ജില്ലയിൽ സംയോജിത ജില്ലാ വികസന രൂപരേഖ തയ്യാറാക്കുകയും അതോടൊപ്പം തന്നെ ഒന്നാംഘട്ടമായി ആലപ്പുഴ, തൃശ്ശൂർ ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിലും കൂടി വ്യാപിപ്പിക്കാൻ സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് സമിതി തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ